**മൂപ്പന്മാർക്കും**
**ഉത്തരവാദിത്തപ്പെട്ടവർക്കുമുള്ള**
**അന്തർദേശീയ പരിശീലനം**
നവംബർ 2025
**പൊതുവിഷയം:**
**മത്തായി 5 മുതൽ 7 വരെയുള്ള അധ്യായങ്ങളുടെ നിർണയാക വശങ്ങൾ**

ദൂത് ആറ്

## നമ്മുടെ സ്വർഗീയ പിതാവ് തികഞ്ഞവനായിരിക്കുന്നതുപോലെ തികഞ്ഞവരാകുന്നത്

MC *Hymns*: ML612

തിരുവെഴുത്ത് വായന: മത്താ. 5:20, 44-45, 48; യോഹ. 3:16; എഫെ. 5:29; 1 യോഹ. 4:8, 16; വെളി. 19:7

മത്താ. 5:20 നിങ്ങളുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയാഞ്ഞാൽ, നിങ്ങൾ ഒരുവിധത്തിലും സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കുകയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു.

മത്താ. 5:44 എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ, നിങ്ങളെ ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർഥിക്കുവിൻ;

മത്താ. 5:45 അങ്ങനെ നിങ്ങൾ സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിന്റെ പുത്രന്മാർ ആയിത്തീരേണ്ടതിനുതന്നെ, കാരണം അവൻ ദുഷ്ടന്മാരുടെയും നല്ലവരുടെയും മേൽ തന്റെ സൂര്യനെ ഉദിക്കുവാൻ ഇടയാക്കുകയും നീതിമാന്മാരുടെയും നീതികെട്ടവരുടെയും മേൽ മഴ അയയ്ക്കുകയും ചെയ്യുന്നു.

മത്താ. 5:48 ആകയാൽ നിങ്ങളുടെ സ്വർഗീയ പിതാവ് തികഞ്ഞവൻ ആയിരിക്കുന്നതുപോലെ നിങ്ങളും തികഞ്ഞവരാകുവിൻ.

യോഹ. 3:16 തന്റെ ഏകജാതനായ പുത്രനിലേക്കു വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ ഉണ്ടാകേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം, അത്രത്തോളം ലോകത്തെ സ്നേഹിച്ചു.

എഫെ. 5:29 ആരും തന്റെ സ്വന്തം ജഡത്തെ ഒരിക്കലും വെറുത്തിട്ടില്ല, ക്രിസ്തുവും സഭയോട് ചെയ്യുന്നതുപോലെ, അതിനെ പരിപോഷിപ്പിക്കുകയും പരിലാളിക്കുകയുമത്രേ ചെയ്യുന്നത്,

1 യോഹ. 4:8 സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല, ദൈവം സ്നേഹമല്ലോ.

1 യോഹ. 4:16 ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെ നാം അറിയുകയും വിശ്വസിക്കുകയും ചെയ്തിരിക്കുന്നു. ദൈവം സ്നേഹം ആകുന്നു, സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു, ദൈവം അവനിലും വസിക്കുന്നു.

വെളി. 19:7 നാം സന്തോഷിച്ചുല്ലസിച്ച്, അവനു മഹത്വം കൊടുക്കുക, കുഞ്ഞാടിന്റെ വിവാഹം വന്നുവല്ലോ, അവന്റെ കാന്തയും തന്നെത്താൻ

ഒരുക്കിയിരിക്കുന്നു.

I. **"ആകയാൽ നിങ്ങളുടെ സ്വർഗീയപിതാവ് തികഞ്ഞവൻ ആയിരിക്കുന്നതുപോലെ നിങ്ങളും തികഞ്ഞവരാകുവിൻ"—മത്തായി 5:48:**

A. നാം പിതാവിന്റെ മക്കളാണ്, പിതാവിന്റെ ദിവ്യജീവനും ദിവ്യപ്രകൃതവും ഉള്ളവരാണ്; അതിനാൽ, നമ്മുടെ പിതാവ് തികഞ്ഞവനായിരിക്കുന്നതുപോലെ നമുക്കും തികഞ്ഞവരാകുവാൻ കഴിയും:

1. നമ്മുടെ സ്വർഗീയ പിതാവ് തികഞ്ഞവനായിരിക്കുന്നതുപോലെ, ദിവ്യജീവന് നമ്മെ തികഞ്ഞവരാക്കുവാൻ കഴിയും.
2. നമ്മുടെ ഉള്ളിൽ ഈ തികഞ്ഞവനാക്കുന്ന ജീവൻ ഉണ്ട്.
3. നാം നമ്മുടെ പിതാവിലേക്ക് തിരിയുകയും അവന്റെ ജീവനും പ്രകൃതവും നമുക്കുണ്ടെന്ന് മനസ്സിലാക്കുകയും വേണം.
4. ഈ വിധത്തിൽ നമ്മുടെ സ്വർഗീയ പിതാവിനെപ്പോലെ നാം തികഞ്ഞവരാകും.
5. ഇതാണ് രാജ്യജീവനും, രാജ്യ ജീവിതവും.
6. തികവ് പ്രാപികക്കാനുള്ള മാർഗം, പ്രക്രിയാവിധേയനായ ത്രിയേക ദൈവത്തിന്റെ പകർച്ചയെ തുടർമാനമായി സ്വീകരിക്കുന്നതിനും ആസ്വദിക്കുന്നതിനുമായി ദിവ്യകൂട്ടായ്മയിൽ തുടരുന്നതാണ്—വാ. 48.

   | | |
   |---|---|
   | മത്താ. 5:48 | ആകയാൽ നിങ്ങളുടെ സ്വർഗീയ പിതാവ് തികഞ്ഞവൻ ആയിരിക്കുന്നതുപോലെ നിങ്ങളും തികഞ്ഞവരാകുവിൻ. |

7. നാം സ്വർഗീയ പിതാവിന്റെ ജീവനും പ്രകൃതവും ഉള്ള പുത്രന്മാരായതിനാൽ, അവന്റെ പുത്രന്മാരായ നാം അവൻ തികഞ്ഞവനായിരിക്കുന്നതുപോലെ, തികഞ്ഞവരാകണം എന്നത് യുക്തിപരമാണ്.
8. ഈ വിധത്തിൽ നാം തികഞ്ഞവരാകണമെങ്കിൽ, പിതാവിനെത്തന്നെ ആസ്വദിച്ചുകൊണ്ട് നമ്മിലേക്കുള്ള ദിവ്യ ജീവന്റെയും പ്രകൃതത്തിന്റെയും പകർച്ച നാം ആസ്വദിക്കേണ്ടതുണ്ട്—2 കൊരി. 3:6.

   | | |
   |---|---|
   | 2 കൊരി. 3:6a | അവൻ ഞങ്ങളെ പുതിയ ഉടമ്പടിയുടെ ശുശ്രൂഷക്കാരായി പര്യാപ്തരാക്കിയിരിക്കുന്നു, അക്ഷരത്തിന്റെയല്ല ആത്മാവിന്റെ ശുശ്രൂഷക്കാരത്രേ;... |

B. എഫെസ്യർ 4 ജീവന്റെ വളർച്ചയിലൂടെ പുതുമനുഷ്യന്റെ തികവിനെക്കുറിച്ച് പറയുന്ന ഒരു അധ്യായമാണ്; ക്രിസ്തു സൃഷ്ടിച്ച പുതുമനുഷ്യൻ പ്രവർത്തിക്കുന്നതിന് തികവ് പ്രാപിക്കണം:

   | | |
   |---|---|
   | Eph 4 | be omitted. |

1. ശരിയായ രീതിയിൽ പ്രവർത്തിക്കുന്നതിന്, ജൈവികമായ തികവുള്ള പുതുമനുഷ്യൻ ജീവന്റെ വളർച്ചയിലൂടെ തികവു പ്രാപിക്കേണ്ടതുണ്ട്:

a. ശരിയായ പോഷണം സ്വീകരിക്കുന്നതിലൂടെ മാത്രമേ പുതുമനുഷ്യന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട തികവ് പ്രാപിക്കാൻ കഴിയുകയുള്ളൂ; ഇത് എഫെസ്യ ലേഖനത്തിലെ ഏറ്റവും ആഴമേറിയ ആശയങ്ങളിൽ ഒന്നാണ്.

b. പരിപോഷിപ്പിക്കുകയും പരിലാളിക്കുകയും ചെയ്യുന്നതിലൂടെ പുതുമനുഷ്യന് തികവ് വരുത്തുവാനുള്ള നമ്മുടെ ഉത്തരവാദിത്തം നാമെല്ലാവരും നിറവേറ്റണം—5:29.

എഫെ. 5:29 ആരും തന്റെ സ്വന്തം ജഡത്തെ ഒരിക്കലും വെറുത്തിട്ടില്ല, ക്രിസ്തുവും സഭയോട് ചെയ്യുന്നതുപോലെ, അതിനെ പരിപോഷിപ്പിക്കുകയും പരിലാളിക്കുകയുമത്രേ ചെയ്യുന്നത്,

2. തികവ് പ്രാപിക്കുന്നതിന്, നാം ക്രിസ്തുവിനാൽ സംരചിക്കപ്പെടേണ്ടതുണ്ട് (കൊലൊ. 3:10-11); ഇതിനർഥം, സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തു നമ്മുടെ എല്ലാമാകുവാൻ നമ്മിലേക്ക് പണിതുചേർക്കപ്പെടുമ്പോൾ, ജൈവികമായി തികവുള്ള പുതുമനുഷ്യൻ പ്രവർത്തനപരമായി തികവുള്ളതായിത്തീരുന്നു എന്നാണ്.

കൊലൊ. 3:10 തന്നെ സൃഷ്ടിച്ചവന്റെ സ്വരൂപപ്രകാരം പൂർണ പരിജ്ഞാനത്തിങ്കലേക്ക് പുതുക്കപ്പെടുന്ന, പുതുമനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ,

കൊലൊ. 3:11 അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു.

3. പുതുമനുഷ്യൻ തികവ്പ്രാപിച്ചു കഴിയുമ്പോൾ, അത് കർത്താവിന്റെ വരവിനുള്ള സമയമായിരിക്കും, തികവ് പ്രാപിച്ച പുതുമനുഷ്യൻ മണവാട്ടിയായിത്തീരും—വെളി. 19:7.

വെളി. 19:7 നാം സന്തോഷിച്ചുല്ലസിച്ച്, അവനു മഹത്വം കൊടുക്കുക, കുഞ്ഞാടിന്റെ വിവാഹം വന്നുവല്ലോ, അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു.

**II. തങ്ങളുടെ സ്വർഗീയ പിതാവ് തികഞ്ഞവനായിരിക്കുന്നതുപോലെ രാജ്യത്തിലെ ജനവും തികഞ്ഞവരായിരിക്കുക എന്നതിനർഥം അവർ അവന്റെ സ്നേഹത്തിൽ തികഞ്ഞവരാകുന്നു എന്നാണ്—മത്താ. 5:20, 44-45:**

മത്താ. 5:20 നിങ്ങളുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയാഞ്ഞാൽ, നിങ്ങൾ ഒരുവിധത്തിലും സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കുകയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു.

മത്താ. 5:44 എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ, നിങ്ങളെ ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർഥിക്കുവിൻ;

മത്താ. 5:45 അങ്ങനെ നിങ്ങൾ സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിന്റെ

പുത്രന്മാർ ആയിത്തീരേണ്ടതിനുതന്നെ, കാരണം അവൻ ദുഷ്ടന്മാരുടെയും നല്ലവരുടെയും മേൽ തന്റെ സൂര്യനെ ഉദിക്കുവാൻ ഇടയാക്കുകയും നീതിമാന്മാരുടെയും നീതികെട്ടവരുടെയും മേൽ മഴ അയയ്ക്കുകയും ചെയ്യുന്നു.

A. ദിവ്യസ്നേഹം ദൈവത്തിന്റെ സാരാംശത്തിന്റെ പ്രകൃതമാണ്; അതിനാൽ, അത് ദൈവത്തിന്റെ സാരാംശപരമായ സദ്ഗുണമാണ്:
   1. "ദൈവം തന്റെ ഏകജാതനായ പുത്രനെ നൽകുവാൻ തക്കവണ്ണം അത്രത്തോളം ലോകത്തെ സ്നേഹിച്ചു"—യോഹ. 3:16:
      a. നാം വീണു പോയവരാണെങ്കിലും, ദൈവം അപ്പോഴും അവനാകുന്ന തന്റെ ദിവ്യസ്നേഹത്താൽ നമ്മെ സ്നേഹിക്കുന്നു (1 യോഹ. 4:8, 16), കാരണം നാം ദൈവത്തെ ഉൾക്കൊള്ളുവാൻ അവന്റെ സ്വന്തം സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട പാത്രങ്ങളാണ് (ഉല്പ. 1:26; റോമ. 9:21, 23).

| | |
|---|---|
| 1 യോഹ. 4:8 | സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല, ദൈവം സ്നേഹമല്ലോ. |
| 1 യോഹ. 4:16 | ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെ നാം അറിയുകയും വിശ്വസിക്കുകയും ചെയ്തിരിക്കുന്നു. ദൈവം സ്നേഹം ആകുന്നു, സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു, ദൈവം അവനിലും വസിക്കുന്നു. |
| ഉല്പ. 1:26 | അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക; അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിലുള്ള പറവജാതിയിന്മേലും മൃഗങ്ങളിന്മേലും സർവ്വഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ എന്നു കല്പിച്ചു. |
| റോമ. 9:21 | അല്ലെങ്കിൽ കുശവന് ഒരേ പിണ്ഡത്തിൽനിന്ന് ഒരു പാത്രം മാനത്തിനും വേറൊന്ന് അപമാനത്തിനും ഉണ്ടാക്കുവാൻ കളിമണ്ണിന്മേൽ അധികാരം ഇല്ലയോ? |
| റോമ. 9:23 | തേജസ്സിനായി മുന്നൊരുക്കിയ, കരുണാപാത്രങ്ങളുടെമേൽ തന്റെ തേജസ്സിന്റെ ധനം അറിയിക്കേണ്ടതിന്, |

      b. നാം അവന്റെ നിത്യജീവൻ പ്രാപിക്കേണ്ടതിന്, ദൈവം തന്റെ ഏകജാതനായ പുത്രനെ, തന്റെ ആവിഷ്കാരത്തെ, നമുക്ക് നൽകുവാൻ തക്കവണ്ണം നമ്മെ അത്രത്തോളം സ്നേഹിക്കുന്നു.
   2. "നാം ദൈവത്തെ സ്നേഹിച്ചിരിക്കുന്നു എന്നല്ല, അവൻ നമ്മെ സ്നേഹിച്ച് നമ്മുടെ പാപങ്ങൾക്ക് അനുനയമായി തന്റെ പുത്രനെ അയച്ചതത്രേ സ്നേഹം ആകുന്നു"—1 യോഹ. 4:10:
      a. ഈ വസ്തുതയിലാണ് ദൈവത്തിന്റെ ഉന്നതവും ശ്രേഷ്ഠവുമായ സ്നേഹം.

b. നാം ദൈവത്തിന്റെ മക്കളായിത്തീരേണ്ടതിന് നമ്മെ വീണ്ടെടുക്കുന്നതിനും നമ്മിലേക്ക് ദൈവത്തിന്റെ ജീവൻ പകരുന്നതിനും വേണ്ടി തന്റെ പുത്രനെ അയച്ചതിലാണ് ദൈവത്തിന്റെ സാരാംശപരമായ സദ്ഗുണമായ ദിവ്യസ്നേഹം പ്രധാനമായും പ്രകടമാകുന്നത്.

3. “കരുണാസമ്പന്നനായ ദൈവം, നമ്മെ സ്നേഹിച്ച തന്റെ മഹാസ്നേഹം നിമിത്തം”—എഫെ. 2:4:

a. ദൈവം നമ്മെ സ്നേഹിക്കുന്നത് നാം അവന്റെ തിരഞ്ഞെടുപ്പിന്റെ പാത്രമായതുകൊണ്ടാണ്.

b. തന്റെ മഹാ സ്നേഹം നിമിത്തം, നമ്മുടെ അരിഷ്ട സ്ഥിതിയിൽ നിന്ന് തന്റെ സ്നേഹത്തിന് അനുയോജ്യമായ ഒരു അവസ്ഥയിലേക്ക് നമ്മെ രക്ഷിക്കുവാൻ ദൈവം കരുണാസമ്പന്നനാണ്.

c. ദൈവത്തിന്റെ സാരാംശപമായ സദ്ഗുണമെന്ന നിലയിൽ അവന്റെ ശ്രേഷ്ഠമായ സ്നേഹത്തിന്, നമ്മുടെ വീണുപോയ ജീവന്റെ ആഴമേറിയ കുഴിയിൽ നമ്മിലേക്ക് എത്തിച്ചേരുവാൻ അവന്റെ കരുണ എന്ന സദ്ഗുണത്തിന്റെ ആവശ്യമുണ്ട്.

B. "ദൈവസ്നേഹം നമുക്ക് നൽകിയിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ നമ്മുടെ ഹൃദയങ്ങളിൽ ഒഴിച്ചിരിക്കുന്നു"—റോമർ 5:5:

1. ദൈവസ്നേഹം ദൈവം തന്നെയാണ്—1 യോഹ. 4:8, 16.

| | |
|---|---|
| 1 യോഹ. 4:8 | സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല, ദൈവം സ്നേഹമല്ലോ. |
| 1 യോഹ. 4:16 | ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെ നാം അറിയുകയും വിശ്വസിക്കുകയും ചെയ്തിരിക്കുന്നു. ദൈവം സ്നേഹം ആകുന്നു, സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു, ദൈവം അവനിലും വസിക്കുന്നു. |

2. സ്നേഹമായ ദൈവം, നമ്മുടെ ഹൃദയങ്ങളിലേക്ക് ഒഴിച്ചിരിക്കുന്ന ദിവ്യസാരാംശമാണ്—റോമ. 5:5:

| | |
|---|---|
| റോമ. 5:5 | പ്രത്യാശ നമ്മെ ലജ്ജിപ്പിക്കുന്നതുമില്ല, എന്തുകൊണ്ടെന്നാൽ ദൈവസ്നേഹം, നമുക്ക് നൽകിയിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ നമ്മുടെ ഹൃദയങ്ങളിൽ ഒഴിച്ചിരിക്കുന്നു. |

a. ദൈവസ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്ക് ഒഴിച്ചിരിക്കുന്നത് ദൈവത്തിന്റെ സാരാംശത്തിന്റെ വിഷയമാണ്.

b. നാം വീണ്ടും ജനിച്ചിരിക്കുന്നതിനാൽ, നമ്മുടെ ഉള്ളിൽ ദൈവത്തിന്റെ സാരാംശത്തിന്റെ പ്രകൃതമെന്ന നിലയിൽ നമുക്ക് സ്നേഹമുണ്ട്.

c. വിശ്വാസികളെന്ന നിലയിൽ, നമ്മുടെ ഹൃദയങ്ങളുടെ ആഴങ്ങളിൽ ദിവ്യ സാരാംശത്തിന്റേതായ ഒന്ന് നമുക്കുണ്ട്, ഇത് തന്റെ സ്നേഹത്തിലുള്ള പിതാവായ ദൈവമാണ്—മത്താ. 18:35.

| | |
|---|---|
| മത്താ. 18:35 | നിങ്ങൾ ഓരോരുത്തരും നിങ്ങളുടെ ഹൃദയങ്ങളിൽനിന്ന് തന്റെ സഹോദരനോട് ക്ഷമിച്ചില്ല എങ്കിൽ ഇങ്ങനെതന്നെ എന്റെ സ്വർഗീയ പിതാവ് നിങ്ങളോടും ചെയ്യും. |

3. ദൈവസ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്ക് ഒഴിച്ചിരിക്കുന്നതിനാൽ, ക്രിസ്തുവിലുള്ള ഒരു വിശ്വാസിയുടെ ഹൃദയം സ്നേഹത്തിന്റെ ഹൃദയമാണ്—എഫെ. 3:17.

| | |
|---|---|
| എഫെ. 3:17 | അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും, അത് നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ട്, |

4. തന്റെ സ്നേഹത്തിലുള്ള പിതാവെന്ന നിലയിൽ നാം ദൈവത്തെ അനുഭവമാക്കുകയും ആസ്വദിക്കുകയും ചെയ്യുന്നതിൽ, നമ്മുടെ ഹൃദയങ്ങളിലേക്ക് ദൈവത്തിന്റെ സാരാംശത്തിന്റെ പ്രകൃതമെന്ന നിലയിൽ സ്നേഹത്തിന്റെ പകർച്ച നാം അനുഭവിക്കുകയും ആസ്വദിക്കുകയും ചെയ്യുന്നു—റോമ. 5:5, 8; 8:35, 39; 15:30; 2 കൊരി. 13:14.

| | |
|---|---|
| റോമ. 5:5 | പ്രത്യാശ നമ്മെ ലജ്ജിപ്പിക്കുന്നതുമില്ല, എന്തുകൊണ്ടെന്നാൽ ദൈവസ്നേഹം, നമുക്ക് നൽകിയിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ നമ്മുടെ ഹൃദയങ്ങളിൽ ഒഴിച്ചിരിക്കുന്നു. |
| റോമ. 5:8 | എന്നാൽ നാം പാപികൾ ആയിരിക്കുമ്പോൾത്തന്നെ, ക്രിസ്തു നമുക്കു വേണ്ടി മരിച്ചതിലൂടെ, ദൈവം നമ്മോടുള്ള തന്റെ സ്വന്തം സ്നേഹം നമുക്ക് തെളിയിച്ചു തരുന്നു. |
| റോമ. 8:35 | ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്ന് നമ്മെ ആർ വേർപെടുത്തും? കഷ്ടതയോ പീഡയോ ഉപദ്രവമോ ക്ഷാമമോ നഗ്നതയോ ആപത്തോ വാളോ? |
| റോമ. 8:39 | ഉയരത്തിനോ ആഴത്തിനോ മറ്റേതെങ്കിലും ജീവിക്കോ, നമ്മുടെ കർത്താവായ ക്രിസ്തു യേശുവിലുള്ള ദൈവസ്നേഹത്തിൽനിന്ന് നമ്മെ വേർപെടുത്തുവാൻ സാധിക്കുകയില്ല എന്ന് എനിക്ക് ബോധ്യമായിരിക്കുന്നു. |
| റോമ. 15:30 | സഹോദരന്മാരേ, യെഹൂദ്യയിൽ അനുസരണംകെട്ടവരിൽനിന്ന് ഞാൻ വിടുവിക്കപ്പെടേണ്ടതിനും യെരൂശലേമിനുവേണ്ടിയുള്ള എന്റെ സേവനം വിശുദ്ധന്മാർക്ക് സ്വീകാര്യമാകേണ്ടതിനും, |
| 2 കൊരി. 13:14 | കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ. |

C. ക്രിസ്തുവിന്റെ ശരീരത്തിന്റെ കെട്ടുപണിക്കു വേണ്ടി എന്തെങ്കിലും ആയിരിക്കുവാനും എന്തെങ്കിലും ചെയ്യുവാനും ഏറ്റവും മികച്ച മാർഗം സ്നേഹമാണെന്ന് 1 കൊരിന്ത്യർ 12:31—13:8 വെളിപ്പെടുത്തുന്നു:

| | |
|---|---|
| 1 കൊരി. 12:31 | എന്നാൽ ശ്രേഷ്ഠവരങ്ങളെ ആത്മാർഥമായി വാഞ്ഛിക്കുവിൻ. അത്രയുമല്ല അതിശ്രേഷ്ഠമായ ഒരു മാർഗം ഞാൻ നിങ്ങൾക്ക് കാണിച്ചുതരുന്നു. |
| 1 കൊരി. 13:1 | ഞാൻ മനുഷ്യരുടെയും ദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്ക് സ്നേഹം ഇല്ല എങ്കിൽ, ഞാൻ ശബ്ദം ഉണ്ടാക്കുന്ന പിച്ചളയോ, മുഴങ്ങുന്ന ഇലത്താളമോ ആയിത്തീർന്നിരിക്കുന്നു. |
| 1 കൊരി. 13:2 | എനിക്ക് പ്രവചന വരം ഉണ്ടായിരിക്കുകയും സകല മർമങ്ങളും സകല പരിജ്ഞാനവും അറിയുകയും, മലകളെ നീക്കുവാൻ തക്ക സകല വിശ്വാസവും ഉണ്ടായിരിക്കുകയും ചെയ്യുമെങ്കിലും, സ്നേഹം ഇല്ല എങ്കിൽ, ഞാൻ ഒന്നും അല്ല. |
| 1 കൊരി. 13:3 | അന്നദാനം ചെയ്യുവാൻ എന്റെ സകല വസ്തുവകകളും ദാനം ചെയ്താലും, ഞാൻ പ്രശംസിക്കേണ്ടതിന് എന്റെ ശരീരത്തെ ഏൽപ്പിച്ചാലും, സ്നേഹം ഇല്ല എങ്കിൽ എനിക്ക് ഒരു പ്രയോജനവും ഇല്ല. |
| 1 കൊരി. 13:4 | സ്നേഹം ദീർഘമായി കഷ്ടമേൽക്കുന്നു. സ്നേഹം ദയ കാണിക്കുന്നു; അത് അസൂയപ്പെടുന്നില്ല. സ്നേഹം വമ്പു പറയുന്നില്ല, നിഗളിക്കുന്നില്ല; |
| 1 കൊരി. 13:5 | അത് അനുചിതമായി പെരുമാറുന്നില്ല, അതിന്റെ സ്വന്തകാര്യങ്ങൾ അന്വേഷിക്കുന്നില്ല; അത് പ്രകോപിപ്പിക്കപ്പെടുന്നില്ല, തിന്മ കണക്കിടുന്നില്ല; |
| 1 കൊരി. 13:6 | അത് അനീതി നിമിത്തം സന്തോഷിക്കുന്നില്ല, എന്നാൽ സത്യത്തോടൊപ്പം സന്തോഷിക്കുന്നു; |
| 1 കൊരി. 13:7 | അത് എല്ലാം മറയ്ക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു. |
| 1 കൊരി. 13:8 | സ്നേഹം ഒരിക്കലും വീണുപോകുന്നില്ല. എന്നാൽ പ്രവചനങ്ങളോ, അവ പ്രയോജനമില്ലാത്തവയാകും; ഭാഷകളോ, അവ നിലച്ചുപോകും; അറിവോ, അത് പ്രയോജനമില്ലാത്തതാകും. |

1. സ്നേഹം ദൈവത്തിന്റെ ആന്തരിക സാരാംശവും ദൈവത്തിന്റെ ഹൃദയവുമാണ്—1 യോഹ. 4:16.

| | |
|---|---|
| 1 യോഹ. 4:16 | ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെ നാം അറിയുകയും വിശ്വസിക്കുകയും ചെയ്തിരിക്കുന്നു. ദൈവം സ്നേഹം ആകുന്നു, സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു, ദൈവം അവനിലും വസിക്കുന്നു. |

2. ദൈവം സ്നേഹമാണ്; അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ടാണ് നാം സ്നേഹിക്കുന്നത്—വാ. 8, 19.

| | |
|---|---|
| 1 യോഹ. 4:8 | സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല, |

ദൈവം സ്നേഹമല്ലോ.

1 യോഹ. 4:19 — അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ട് നാം സ്നേഹിക്കുന്നു.

3. ദിവ്യ സ്നേഹത്താൽ പ്രചോദിതനായാണ് ദിവ്യ പുത്രത്വത്തിനായി ദൈവം നമ്മെ മുൻനിയമിച്ചത്—എഫെ. 1:4-5.

എഫെ. 1:4 — സ്നേഹത്തിൽ നാം അവനു മുമ്പാകെ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന്, തന്റെ ഹിതത്തിന്റെ സുപ്രസാദത്തിനൊത്തവണ്ണം,

എഫെ. 1:5 — യേശു ക്രിസ്തു മുഖാന്തരം തനിക്കുതന്നെ പുത്രത്വത്തിങ്കലേക്കു നമ്മെ മുൻനിയമിച്ചുകൊണ്ട്, ലോകസ്ഥാപനത്തിനു മുമ്പേ അവനിൽ നമ്മെ അവൻ തിരഞ്ഞെടുത്തു,

4. ദൈവം ആദ്യം നമ്മെ സ്നേഹിച്ച്, തന്റെ സ്നേഹംകൊണ്ട് നമ്മെ നിവേശിപ്പിച്ച്, നാം അവനെയും വിശുദ്ധന്മാരെയും സ്നേഹിക്കുന്ന സ്നേഹം നമ്മിൽ ജനിപ്പിച്ചു—1 യോഹ. 4:19-21.

1 യോഹ. 4:19 — അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ട് നാം സ്നേഹിക്കുന്നു.

1 യോഹ. 4:20 — ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്ന് പറയുകയും, തന്റെ സഹോദരനെ വെറുക്കുകയും ചെയ്യുന്നവൻ, നുണയനാകുന്നു; കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവന് കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിക്കുവാൻ കഴിയുകയില്ല.

1 യോഹ. 4:21 — ദൈവത്തെ സ്നേഹിക്കുന്നവൻ തന്റെ സഹോദരനെയും സ്നേഹിക്കുന്നു എന്ന ഈ കൽപന അവനിൽനിന്ന് നമുക്കുണ്ട്.

5. ദൈവത്തിൽനിന്ന് നമുക്ക് ലഭിച്ചിരിക്കുന്ന ജീവൻ സ്നേഹത്തിന്റെ ജീവനാണ്.

6. ക്രിസ്തു ഈ ലോകത്തിൽ സ്നേഹമെന്നനിലയിൽ ദൈവത്തിന്റെ ജീവിതം നയിച്ചു, ഇപ്പോൾ അവൻ നമ്മുടെ ജീവനാണ്, അങ്ങനെ നമുക്ക് ഈ ലോകത്തിൽ സ്നേഹത്തിന്റെ അതേ ജീവിതം നയിക്കുവാനും അവൻ ആകുന്നതുപോലെ തന്നെ ആകുവാനും കഴിയും—3:14; 4:17; 5:1.

1 യോഹ. 3:14 — സഹോദരന്മാരെ സ്നേഹിക്കുന്നതിനാൽ നാം മരണത്തിൽനിന്ന് ജീവനിലേക്കു കടന്നിരിക്കുന്നു എന്ന് നമുക്ക് അറിയാം. സ്നേഹിക്കാത്തവൻ മരണത്തിൽ വസിക്കുന്നു.

1 യോഹ. 4:17 — ന്യായവിധിയുടെ നാളിൽ നമുക്ക് ധൈര്യം ഉണ്ടാകേണ്ടതിന്, ഇതിനാൽ നമ്മിൽ സ്നേഹം തികയ്ക്കപ്പെട്ടിരിക്കുന്നു, എന്തെന്നാൽ അവൻ ആയിരിക്കുന്നതുപോലെ നാമും ഈ ലോകത്തിൽ ആകുന്നു.

1 യോഹ. 5:1 — യേശു തന്നെ ക്രിസ്തു എന്നു വിശ്വസിക്കുന്നവൻ എല്ലാം ദൈവത്തിൽ നിന്ന് ജനിച്ചിരിക്കുന്നു,

ജനിപ്പിച്ചവനെ സ്നേഹിക്കുന്നവൻ എല്ലാം അവനിൽ നിന്ന് ജനിച്ചവനെയും സ്നേഹിക്കുന്നു.

7. നാം ക്രിസ്തുവിന്റെ സ്നേഹത്താൽ നിമജ്ജിപ്പിക്കപ്പെട്ടവരും എടുത്തുകൊണ്ടുപോകപ്പെട്ടവരുമായിരിക്കണം; ദിവ്യസ്നേഹം നമ്മുടെ സ്വന്തം നിയന്ത്രണത്തിനപ്പുറം അവന് ജീവിക്കുവാൻ നമ്മെ പ്രേരിപ്പിച്ചുകൊണ്ട് നമ്മുടെ നേരെ ഒഴുകുന്ന മഹാജലത്തിന്റെ തിരമാലപോലെയായിരിക്കണം—2 കൊരി. 5:14.

| | |
|---|---|
| 2 കൊരി. 5:14 | ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു, എല്ലാവർക്കും വേണ്ടി ഒരുവൻ മരിച്ചതുകൊണ്ട് എല്ലാവരും മരിച്ചു എന്നും, |

8. നാം ദൈവത്തിന്റെ ജീവനും പ്രകൃതവും ഉള്ളവരായിരിക്കുവാൻ ദൈവത്തിൽനിന്ന് ജനിച്ചിരിക്കുന്നതുകൊണ്ട്, നാം ദൈവ വർഗത്തിൽപ്പെട്ടവരാണ്—യോഹ. 3:5-7:

| | |
|---|---|
| യോഹ. 3:5 | യേശു ഉത്തരം നൽകി, സത്യമായി, സത്യമായി ഞാൻ നിന്നോട് പറയുന്നു, വെള്ളത്താലും ആത്മാവിനാലും ജനിക്കാതെ ഒരുവന് ദൈവരാജ്യത്തിലേക്കു പ്രവേശിക്കുവാൻ കഴിയുകയില്ല. |
| യോഹ. 3:6 | ജഡത്തിൽനിന്ന് ജനിച്ചിരിക്കുന്നത് ജഡമാകുന്നു, ആത്മാവിൽനിന്ന് ജനിച്ചിരിക്കുന്നത് ആത്മാവാകുന്നു. |
| യോഹ. 3:7 | നിങ്ങൾ പുതുതായി ജനിക്കണം എന്നു ഞാൻ നിന്നോടു പറയുന്നതിൽ ആശ്ചര്യപ്പെടരുത്. |

a. നാം ദൈവവർഗമാകുവാൻ, ദൈവത്തിന്റെ ഇനം ആകുവാൻ വീണ്ടും ജനിപ്പിക്കപ്പെട്ടിരിക്കുന്നു; ദൈവംസ്നേഹമാണ്—വാ. 3, 5; 1 യോഹ. 4:16.

| | |
|---|---|
| യോഹ. 3:3 | യേശു അവനോട്, സത്യമായി, സത്യമായി ഞാൻ നിന്നോടു പറയുന്നു, ഒരുവൻ പുതുതായി ജനിച്ചില്ല എങ്കിൽ, അവന് ദൈവരാജ്യം കാണുവാൻ കഴിയുകയില്ല എന്ന് ഉത്തരം പറഞ്ഞു. |
| യോഹ. 3:5 | യേശു ഉത്തരം നൽകി, സത്യമായി, സത്യമായി ഞാൻ നിന്നോട് പറയുന്നു, വെള്ളത്താലും ആത്മാവിനാലും ജനിക്കാതെ ഒരുവന് ദൈവരാജ്യത്തിലേക്കു പ്രവേശിക്കുവാൻ കഴിയുകയില്ല. |
| 1 യോഹ. 4:16 | ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെ നാം അറിയുകയും വിശ്വസിക്കുകയും ചെയ്തിരിക്കുന്നു. ദൈവം സ്നേഹം ആകുന്നു, സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു, ദൈവം അവനിലും വസിക്കുന്നു. |

b. വീണ്ടും ജനനത്തിലൂടെ നാം ജീവനിലും പ്രകൃതത്തിലും ദൈവമായിത്തീർന്നതിനാൽ, നാമും സ്നേഹമാണ്; ഇതിനർഥം നാം കേവലം മറ്റുള്ളവരെ സ്നേഹിക്കുന്നു എന്നുമാത്രമല്ല, നാം സ്നേഹം തന്നെയാകുന്നു എന്നാണ്—യോഹ. 1:13; 13:34.

| | |
|---|---|
| യോഹ. 1:13 | അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഹിതത്തിൽ നിന്നല്ല, മനുഷ്യന്റെ ഹിതത്തിൽ നിന്നുമല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചത്. |
| യോഹ. 13:34 | നിങ്ങൾ അന്യോന്യം സ്നേഹിക്കേണം എന്ന് പുതിയൊരു കൽപന ഞാൻ നിങ്ങൾക്കു നൽകുന്നു, ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും അന്യോന്യം സ്നേഹിക്കണം. |

c. ദൈവത്തിന്റെ വർഗമെന്നനിലയിൽ, ദൈവം സ്നേഹമായതിനാൽ നാമും സ്നേഹമാണ്—1 യോഹ. 4:8.

| | |
|---|---|
| 1 യോഹ. 4:8 | സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല, ദൈവം സ്നേഹമല്ലോ. |

D. ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ ധൈര്യത്തോടെ എങ്ങനെ നിൽക്കാമെന്നതിന്റെ രഹസ്യം 1 യോഹന്നാൻ 4 പറയുന്നു—സ്നേഹത്തിൽ വസിക്കുവിൻ—വാ. 17:

| | |
|---|---|
| 1 John 4 | be omitted. |
| 1 യോഹ. 4:17 | ന്യായവിധിയുടെ നാളിൽ നമുക്ക് ധൈര്യം ഉണ്ടാകേണ്ടതിന്, ഇതിനാൽ നമ്മിൽ സ്നേഹം തികയ്ക്കപ്പെട്ടിരിക്കുന്നു, എന്തെന്നാൽ അവൻ ആയിരിക്കുന്നതുപോലെ നാമും ഈ ലോകത്തിൽ ആകുന്നു. |

1. സ്നേഹത്തിൽ വസിക്കുക എന്നാൽ നാം ക്രിസ്തുവിനെ സ്നേഹിക്കുന്ന ഒരു ജീവിതം നയിക്കുക എന്നാണ്—വാ. 17-18; 2 കൊരി. 5:10, 14.

| | |
|---|---|
| 1 യോഹ. 4:17 | ന്യായവിധിയുടെ നാളിൽ നമുക്ക് ധൈര്യം ഉണ്ടാകേണ്ടതിന്, ഇതിനാൽ നമ്മിൽ സ്നേഹം തികയ്ക്കപ്പെട്ടിരിക്കുന്നു, എന്തെന്നാൽ അവൻ ആയിരിക്കുന്നതുപോലെ നാമും ഈ ലോകത്തിൽ ആകുന്നു. |
| 1 യോഹ. 4:18 | സ്നേഹത്തിൽ ഭയമില്ല, ഭയത്തിനു ശിക്ഷയുള്ളതിനാൽ തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കുന്നു, ഭയപ്പെടുന്നവനോ സ്നേഹത്തിൽ തികയ്ക്കപ്പെട്ടിട്ടില്ല. |
| 2 കൊരി. 5:10 | എന്തെന്നാൽ ഓരോരുത്തനും ശരീരത്തിലൂടെ ചെയ്ത കാര്യങ്ങൾ, നന്മയായാലും തിന്മയായാലും, താൻ പ്രവർത്തിച്ചതിനൊത്തവണ്ണം പ്രാപിക്കേണ്ടതിന്, നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന് മുമ്പാകെ വെളിവാകേണ്ടതാകുന്നു. |
| 2 കൊരി. 5:14 | ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു, എല്ലാവർക്കും വേണ്ടി ഒരുവൻ മരിച്ചതുകൊണ്ട് എല്ലാവരും മരിച്ചു എന്നും, |

2. സ്നേഹത്തിൽ വസിക്കുക എന്നാൽ ദൈവം തന്നെയായ സ്നേഹത്താൽ മറ്റുള്ളവരെ പതിവായി സ്നേഹിക്കുന്ന ഒരു ജീവിതം നയിക്കുക എന്നാണ്, അങ്ങനെ അവൻ നമ്മിൽ ആവിഷ്കരിക്കപ്പെടുന്നു—1 യോഹ. 4:16.

| | |
|---|---|
| 1 യോഹ. 4:16 | ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെ നാം അറിയുകയും വിശ്വസിക്കുകയും ചെയ്തിരിക്കുന്നു. ദൈവം സ്നേഹം ആകുന്നു, സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു, ദൈവം അവനിലും വസിക്കുന്നു. |

3. ദൈവസ്നേഹത്താൽ മറ്റുള്ളവരെ സ്നേഹിച്ചുകൊണ്ട് നമ്മിൽ തികവു പ്രാപിച്ച സ്നേഹമാണ് തികഞ്ഞ സ്നേഹം; അങ്ങനെയുള്ള സ്നേഹം ഭയത്തെ പുറത്താക്കുക്കുകയും കർത്താവിന്റെ മടങ്ങിവരവിൽ അവനാൽ ശിക്ഷിക്കപ്പെടുമെന്ന ഭയമില്ലാതിരിക്കുകയും ചെയ്യുന്നു—വാ. 17-18; പ്ര.നി. ലൂക്കൊ 12:46-47.

| | |
|---|---|
| 1 യോഹ. 4:17 | ന്യായവിധിയുടെ നാളിൽ നമുക്ക് ധൈര്യം ഉണ്ടാകേണ്ടതിന്, ഇതിനാൽ നമ്മിൽ സ്നേഹം തികയ്ക്കപ്പെട്ടിരിക്കുന്നു, എന്തെന്നാൽ അവൻ ആയിരിക്കുന്നതുപോലെ നാമും ഈ ലോകത്തിൽ ആകുന്നു. |
| 1 യോഹ. 4:18 | സ്നേഹത്തിൽ ഭയമില്ല, ഭയത്തിനു ശിക്ഷയുള്ളതിനാൽ തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കുന്നു, ഭയപ്പെടുന്നവനോ സ്നേഹത്തിൽ തികയ്ക്കപ്പെട്ടിട്ടില്ല. |
| ലൂക്കൊ. 12:46 | ആ അടിമയുടെ യജമാനൻ, താൻ പ്രതീക്ഷിക്കാത്ത നാളിലും, താൻ അറിയാത്ത നാഴികയിലും വന്ന് അവനെ വെട്ടിമാറ്റുകയും അവിശ്വാസികളോടുകൂടെ അവന്റെ പങ്ക് നിയോഗിക്കുകയും ചെയ്യും. |
| ലൂക്കൊ. 12:47 | യജമാനന്റെ ഹിതം അറിഞ്ഞിട്ട് അവന്റെ ഹിതപ്രകാരം ഒരുങ്ങുകയോ പ്രവർത്തിക്കുകയോ ചെയ്യാതിരുന്ന ആ അടിമയ്ക്ക് അനേകം ചാട്ടയടികൾ ലഭിക്കും. |

**ശുശ്രൂഷയിൽ നിന്നുള്ളഉദ്ധരണികൾ:**

**പുതിയ പ്രമാണം—നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുകയും നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുക**

സ്വർഗീയ പിതാവിനെപ്പോലെ തികഞ്ഞവനായിരിക്കുന്നത്

വാക്യം 48 പറയുന്നു, “ആകയാൽ നിങ്ങളുടെ സ്വർഗീയ പിതാവ് തികഞ്ഞവനായിരിക്കുന്നതുപോലെ നിങ്ങളും തികഞ്ഞവരാകുവിൻ.” സ്വർഗീയ പിതാവ് തികഞ്ഞവനായിരിക്കുന്നതുപോലെ രാജ്യജനം തികഞ്ഞവരായിരിക്കുന്നത് അവന്റെ സ്നേഹത്തിൽ തികഞ്ഞവരായിരിക്കുന്നതാണ്. അവർ പിതാവിന്റെ ദിവ്യജീവനും

ദിവ്യപ്രകൃതവുമുള്ള പിതാവിന്റെ മക്കളാണ്. അതിനാൽ അവർക്ക് പിതാവിനെപ്പോലെ തികഞ്ഞവരായിരിക്കുവാൻ കഴിയും. രാജ്യത്തിന്റെ പുതിയ പ്രമാണത്തിന്റെ ആവശ്യകത പഴയ യുഗത്തിന്റെ പ്രമാണത്തിന്റെ അനുശാസനയെക്കാൾ വളരെ ഉയർന്നതാണ്. ഈ ഉയർന്ന ആവശ്യകത അവരുടെ സ്വാഭാവിക ജീവനാലല്ല, പിതാവിന്റെ ദിവ്യജീവനാൽ മാത്രമേ സന്ധിക്കുവാൻ കഴിയുകയുള്ളൂ. സ്വർഗരാജ്യം ഏറ്റവും ഉന്നതമായ ആവശ്യകതയും, പിതാവിന്റെ ദിവ്യജീവൻ ആ ആവശ്യകതയെ സന്ധിക്കുന്ന ഏറ്റവും ഉന്നതമായ സഹായവും ആണ്. സുവിശേഷങ്ങൾ ആദ്യമായി മത്തായിയുടെ സുവിശേഷത്തിൽ സ്വർഗരാജ്യത്തിന്റെ ഏറ്റവും ഉന്നതമായ ആവശ്യകതയെ അവതരിപ്പിക്കുകയും, അവസാനമായി യോഹന്നാന്റെ സുവിശേഷത്തിൽ നാം സ്വർഗരാജ്യത്തിന്റെ ജീവിതം നയിക്കത്തക്കവണ്ണം സ്വർഗീയ പിതാവിന്റെ ദിവ്യജീവന്റെ ഏറ്റവും ഉന്നതമായ സഹായം നമുക്കു നൽകുകയും ചെയ്യുന്നു. മത്തായി 5 മുതൽ 7 വരെയുള്ള അധ്യായങ്ങളിലെ രാജ്യത്തിന്റെ പുതിയ പ്രമാണത്തിന്റെ ആവശ്യകത വാസ്തവത്തിൽ വീണ്ടുംജനിച്ച രാജ്യജനത്തിന്റെ ഉള്ളിൽനിന്നുള്ള പുതിയ ജീവനായ ദിവ്യജീവന്റെ ആവിഷ്കാരമാണ്. തങ്ങൾക്ക് ഇത്രയും ഉന്നതമായ നിലയിലേക്ക് എത്തിച്ചേരുവാനും, ഇത്രയും ഉന്നതമായ ജീവിതം നയിക്കുവാനും സാധിക്കുമെന്ന് വീണ്ടുംജനിച്ച ജനത്തെ കാണിച്ചുകൊണ്ട്, ഈ നിബന്ധന അവരുടെ ആന്തരിക ആളത്തത്തെ തുറക്കുന്നു.

മാറ്റപ്പെട്ട ഈ പ്രമാണങ്ങളുടെ അനുശാസനകളെല്ലാം വെളിപ്പെടുത്തുന്നത് നമ്മുടെ ഉള്ളിലുള്ള ദിവ്യജീവന് നമുക്കുവേണ്ടി എത്രയധികം ചെയ്യുവാൻ കഴിയുമെന്നാണ്. ഈ പ്രമാണങ്ങളെല്ലാം വെറുമൊരു അനുശാസനയല്ല; അവ നമ്മുടെ സ്വർഗീയ പിതാവ് തികഞ്ഞവനായിരിക്കുന്നതുപോലെ ദിവ്യജീവന് നമ്മെയും തികഞ്ഞവരാക്കുവാൻ കഴിയുമെന്ന് കാണിക്കുന്ന ഒരു വെളിപാടാണ്. നമ്മുടെ ഉള്ളിൽ ഈ തികവു വരുത്തുന്ന ജീവൻ നമുക്കുണ്ട്. നമ്മുടെ സ്വർഗീയ പിതാവിനെപ്പോലെ നമ്മെ തികഞ്ഞവരാക്കുവാൻ കഴിയുന്ന ഇങ്ങനെയുള്ള ഒരു ദിവ്യപ്രകൃതത്തോടുകൂടിയ ഒരു ജീവൻ നമുക്കുണ്ട്.

വാക്യം 45 അനുസരിച്ച് പിതാവ് ദുഷ്ടന്മാരുടെയും നല്ലവരുടെയുംമേൽ തന്റെ സൂര്യനെ ഉദിക്കുവാൻ ഇടയാക്കുകയും, നീതിമാന്മാരുടെയും നീതികെട്ടവരുടെയുംമേൽ മഴ അയയ്ക്കുകയും ചെയ്യുന്നുവെന്ന് നാം കണ്ടു. പിതാവ് ആദ്യം ദുഷ്ടന്മാരുടെമേൽ തന്റെ സൂര്യനെ ഉദിക്കുവാൻ ഇടയാക്കുന്നു, പിന്നീട് നല്ലവരുടെമേൽ ഉദിക്കുവാൻ ഇടയാക്കുന്നു. നിങ്ങൾ പിതാവായിരുന്നെങ്കിൽ നിങ്ങൾ ആദ്യം ദുഷ്ടന്മാരുടെമേലും പിന്നീട് നല്ലവരുടെമേലും നിങ്ങളുടെ സൂര്യനെ ഉദിക്കുവാൻ ഇടയാക്കുമായിരുന്നോ? നിശ്ചയമായും നിങ്ങൾ അതിനെ ആദ്യം നല്ലവരുടെമേൽ ഉദിക്കുവാൻ ഇടയാക്കുമായിരുന്നു. പിതാവ് നീതിമാന്മാരുടെമേലും നീതികെട്ടവരുടെമേലും തന്റെ മഴയെ അയയ്ക്കുന്നുവെന്നും ഈ വാക്യം പറയുന്നു. ഈ ഭാഗത്തുള്ള ക്രമം മാറ്റിയിരിക്കുന്നു എന്നത് ശ്രദ്ധിക്കുക. സൂര്യപ്രകാശം ആദ്യം ദുഷ്ടന്മാരുടെമേലും പിന്നീട് നല്ലവരുടെമേലും അയയ്ക്കുന്നതിലും മഴ ആദ്യം നീതിമാന്മാരുടെമേലും പിന്നീട് നീതികെട്ടവരുടെമേലും അയയ്ക്കുന്നതിലും സ്വർഗീയ പിതാവിന്റെ ദൃഷ്ടിയിൽ യാതൊരു വ്യത്യാസവുമില്ലെന്ന് ഇത് സൂചിപ്പിക്കുന്നു.

ഇതിനെ നമുക്ക് നമ്മുടെ മക്കളോട് ഇടപെടുന്ന വിഷയത്തോട് പ്രയോഗിക്കാം. നിങ്ങളുടെ മക്കളോട് ഇടപെടുന്നതിൽപോലും നിങ്ങൾക്ക് നിങ്ങളുടെ തിരഞ്ഞെടുപ്പുണ്ട്. നിങ്ങൾ എത്ര സ്വാഭാവികരാണെന്ന് ഇതു ചൂണ്ടിക്കാണിക്കുന്നു. നിങ്ങൾക്ക് മൂന്നു മക്കളുണ്ടെന്നു കരുതുക. നിങ്ങളുടെ മൂന്നു മക്കളിൽ ഒരാൾ സ്നേഹയോഗ്യനും, ഒരുവൻ അനുസരണംകെട്ടവനും, ഒരുവൻ നിഷ്പക്ഷനുമായിരിക്കാം. അനുസരണംകെട്ടവനെ നിങ്ങൾ എത്രമാത്രം ഇഷ്ടപ്പെടാതിരിക്കുകയും അവനെ കുറ്റപ്പെടുത്തുകയും ചെയ്യുന്നുവെന്ന് വെളിപ്പടുത്തിക്കൊണ്ട് എല്ലാ ദിവസവും ഈ മൂന്നു മക്കൾ നിങ്ങളെ തുറന്നു കാട്ടുന്നു. നിങ്ങൾ അവനെ ഇഷ്ടപ്പെടുന്നില്ലെങ്കിലും, സ്വർഗീയ പിതാവ് അവനെ ആ സ്നേഹയോഗ്യനെക്കാൾ കൂടുതൽ സ്നേഹിക്കുന്നു. നിങ്ങളുടെ സ്വാഭാവിക അഭിരുചിയെ തുറന്നുകാണിക്കുവാൻ ദൈവം അവനെ അയച്ചിരിക്കുന്നു.

സഭാജീവിതത്തിലും നമുക്ക് നമ്മുടേതായ സ്വഭാവിക അഭിരുചിയുണ്ട്. ശാന്തരായ സഹോദരന്മാരെയും ഹൃദ്യരായ സഹോദരിമാരെയും നാം ഇഷ്ടപ്പെടുന്നു. എല്ലാ സഹോദരന്മാരും സഹോദരിമാരും ഇങ്ങനെയായിരിക്കണമെന്ന് നാം ആഗ്രഹിക്കുന്നു. എന്നാൽ ഇത് ഒരു സ്വപ്നം മാത്രമാണ്, കാരണം നമ്മെ അലട്ടുന്ന ചിലർ എല്ലായ്പോഴും ഉണ്ടായിരിക്കും. മൂപ്പന്മാരുടെ കുറവിന്റെ പ്രശ്നത്തെ പരിഗണിക്കുക. നിരവധി സഹോദരന്മാർ ശാന്തരും ഹൃദ്യരുമാണ്, എന്നാൽ അവർ മൂപ്പന്മാരായിരിക്കുവാൻ പ്രാപ്തരല്ല. എന്നാൽ പ്രാപ്തരായവർ അല്പം പരുഷരായിരിക്കാം. നിങ്ങളുടെ സ്വാഭാവിക അഭിരുചിയെ തുറന്നുകാണിക്കുവാൻ ദൈവം ഇതിനെ ഉപയോഗിക്കുന്നു.

31 മുതൽ 48 വരെയുള്ള വാക്യങ്ങളിലെ കർത്താവിന്റെ വാക്കിന്റെ സൂചിതാർഥവും പ്രാധാന്യവും നാം ഇപ്പോൾ മനസ്സിലാക്കുന്നു. ഇത് നമ്മുടെ ശത്രുവിനെ കേവലം ബാഹ്യമായി സ്നേഹിക്കുന്ന ഒരു കാര്യമല്ല. അല്ല, ഇത് നമ്മുടെ സ്വാഭാവിക ആളത്തത്തെ തുറന്നു കാണിക്കുന്ന ഒരു കാര്യമാണ്. നാം തുറന്നുകാട്ടപ്പെട്ടതിനുശേഷം നാം പറയും, “കർത്താവേ, എന്നോട് കരുണയുണ്ടാകേണമേ. നിന്റെ വിടുതൽ എനിക്കെത്ര ആവശ്യമാണ്! നിന്റെ അടുക്കൽ തങ്ങുവാനും നിന്നിൽ ആശ്രയിക്കുവാനും ഞാൻ ആഗ്രഹിക്കുന്നു. അപ്പോൾ ഞാൻ എന്റെ പിതാവിനെപ്പോലെ തികഞ്ഞവനായിരിക്കും.”

നാം എങ്ങനെ പെരുമാറണം എന്നതിനെ സംബന്ധിച്ച ഒരു ഉപദേശമായി കർത്താവിന്റെ വാക്കിനെ എടുക്കാതിരിക്കുക. ഈ രീതി കാര്യക്ഷമമായിരിക്കുകയില്ല. കർത്താവിന്റെ വാക്ക് നമ്മുടെ ആളത്തത്തെയും, നമ്മുടെ സ്വാഭാവിക തിരഞ്ഞെടുപ്പിനെയും സ്പർശിക്കുവാനും, നാം ആരാണെന്നതിനെയും നാം എവിടെയാണെന്നതിനെയും തുറന്നുകാണിക്കുവാനും ഉദ്ദേശിച്ചായിരുന്നു. നാം തുറന്നുകാട്ടപ്പെടുകയും കീഴ്പെടുത്തപ്പെടുകയും ചെയ്യുമ്പോൾ നമ്മിൽ ജീവിക്കുവാൻ ദിവ്യജീവന് നാം പൂർണ്ണാവസരം നൽകും. ഇത് നമ്മുടെ സ്വർഗീയ പിതാവ് തികഞ്ഞവനായിരിക്കുന്നതുപോലെ നമ്മെയും തികഞ്ഞവരാക്കും. പിതാവിനെ അനുകരിക്കുവാൻ നമുക്കു കഴിയുകയില്ല. ഞാൻ ചെറുപ്പമായിരുന്നപ്പോൾ ക്രിസ്തുമതത്തിലുള്ളവർ എന്നെ പഠിപ്പിച്ചത് നമ്മുടെ സ്വർഗീയ പിതാവ് മോശമായവരെ സ്നേഹിക്കുന്നുവെന്നും, നമ്മുടെ പിതാവ് ചെയ്യുന്നതുപോലെ നാം നമ്മുടെ ശത്രുക്കളെ സ്നേഹിക്കണം എന്നുമാണ്. കേൾക്കുമ്പോൾ ഇതു നല്ലതാണെന്നു തോന്നുമെങ്കിലും, ഇത് വാസ്തവത്തിൽ ഒരു മനുഷ്യനെപ്പോലെ പെരുമാറുന്നതിന് ഒരു കുരങ്ങിനെ പഠിപ്പിക്കുവാൻ ശ്രമിക്കുന്നതുപോലെയാണ്. ദയാലുവായ ഒരു മാന്യനെപ്പോലെ പെരുമാറുവാൻ നിങ്ങൾ ഒരു കുരങ്ങിനെ പഠിപ്പിക്കുമായിരിക്കാം. എന്നാൽ കുരങ്ങന്മാർ ആ മനുഷ്യന്റെ പുത്രന്മാരല്ലാത്തതുകൊണ്ട് ഇതു ചെയ്യുന്നതിൽ അവ പരാജയപ്പെടും. നാം നമ്മുടെ സ്വർഗീയ പിതാവിന്റെ പുത്രന്മാരാണ്. അങ്ങനെ, നമ്മുടെ പിതാവിന്റ ജീവനും പ്രകൃതവും നമ്മുടെ ഉള്ളിലുണ്ട്. പുറമെയുള്ള എല്ലാ ശത്രുക്കളും, നിർബന്ധിക്കുന്നവരും, എതിരാളികളും നാം എന്താണെന്ന് തുറന്നുകാണിക്കുന്നു. നമ്മുടെ സ്വാഭാവിക ആളത്തത്തെ അവർ തുറന്നുകൊണിക്കുന്നതുകൊണ്ട് ഇനിമേൽ നമ്മിൽത്തന്നെ ആശ്രയിക്കാതെ നമ്മുടെ പിതാവിലേക്കു നോക്കുവാനും നമ്മുടെ പിതാവിന്റെ ജീവനും പ്രകൃതവും നമ്മുടെ ഉള്ളിൽ നമുക്കുണ്ടെന്ന് മനസ്സിലാക്കുവാനും നാം പഠിക്കുന്നു. ഈ തുറന്നുകാട്ടലിലൂടെ നാം പിതാവിനോട് അടുത്തിരിക്കണമെന്നും അവന്റെ ജീവനാലും പ്രകൃതത്താലും ജീവിക്കണമെന്നും നാം കാണുവാൻ ഇടവരുന്നു. ഇപ്രകാരം നമ്മുടെ പിതാവ് തികഞ്ഞവനായിരിക്കുന്നതുപോലെ നാമും തികഞ്ഞവരായിരിക്കും. ഇതാണ് രാജ്യജീവൻ, രാജ്യജീവിതം.

ഈ വാക്യങ്ങളെ തെറ്റിദ്ധരിച്ചുകൊണ്ട് നിരവധി ക്രിസ്ത്യാനികൾ തങ്ങളുടെ ബാഹ്യമായ പെരുമാറ്റത്തെ സംബന്ധിച്ച നിർദ്ദേശങ്ങളായി അവയെ എടുത്തിട്ടുണ്ട്. ഇക്കാരണത്താലാണ് അനേകർ നിരാശപ്പെടുകയും, “ഇത് ഞങ്ങൾക്ക് വളരെയധികമാണ്. ഞങ്ങൾ ഇതിൽനിന്നും വളരെ അകലെയാണ്. ഇത് നിവർത്തിക്കുവാൻ ഞങ്ങൾ പ്രാപ്തിയില്ലാത്തവരാകുന്നു” എന്നു പറയുകയും

ചെയ്തിട്ടുള്ളത്. ഇത് കർത്താവു നൽകിയ പൊതുവായ ഒരു വാക്കല്ല; ഇത് സ്വർഗീയരാജ്യത്തിന്റെ ഭരണഘടനയാണ്. നാം അവന്റെ രാജ്യജനമായതുകൊണ്ട് നമുക്ക് തീർച്ചയായും ഈ അനുശാസനകൾ നിറവേറ്റുവാൻ കഴിയും. നമ്മുടെ ഉള്ളിൽ നമുക്ക് രാജ്യജീവനുണ്ട്; അതിനാൽ നമ്മിൽത്തന്നെയല്ല, പിതാവിന്റെ ജീവനാലും പ്രകൃതത്താലും നമുക്ക് ഈ പ്രമാണങ്ങൾ നിറവേറ്റുവാൻ കഴിയും. അതുകൊണ്ട്, നാം പൂർണ്ണമായി കീഴ്പെട്ടിരിക്കുകയും, അവനിലേക്കു തിരിയുകയും, അവനോട് അടുത്തിരിക്കുകയും, അവനിൽ ആശ്രയിക്കുകയും, അവനാൽ ജീവിക്കുകയും ചെയ്യുവാൻ തക്കവണ്ണം നമ്മുടെ ആളത്തത്തെ സ്പർശിക്കുവാനും, നാം ആയിരിക്കുന്നതിനെ തുറന്നുകാട്ടുവാനും നിരവധി പ്രതികൂല കാര്യങ്ങളെ നമ്മുടെ പരിതസ്ഥിതിയിലക്ക് അയയ്ക്കുന്നതുകൊണ്ട് നാം അവന് സ്തോത്രം ചെയ്യണം. അപ്പോൾ നാം ശരിയായ ഒരു രാജ്യജീവിതത്തിനുവേണ്ടി രാജ്യജീവനുള്ള നിർവ്യാജരായ രാജ്യജനമായിരിക്കും. ഇതാണ് ഇന്ന് ഭൂമിയിലുള്ള ദൈവത്തിന്റെ രാജ്യവും, ഇതാണ് ശരിയായ സഭാജീവിതവും. (*Life-study of Matthew,* pp. 231-234)